പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:135 04/02/2013 - ൽ മറുപടിക്ക്

## വൈക്കം നിയോജകമണ്ഡലത്തിലെ തീരദേശ റോഡുവികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അജിത്: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) തീരദേശ മത്സ്യത്തൊഴിലാളി പ്രദേശങ്ങളിലെ റോഡുവികസനവുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയ്ക്കും, വൈക്കം നിയോജകമണ്ഡലത്തിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) 2011-12 സാമ്പത്തിക വർഷത്തിൽ തീരദേശ/മത്സ്യത്തൊഴിലാളി പ്രദേശങ്ങളിലെ റോഡുകളുടെ പുനരുദ്ധാരണത്തിനായി കോട്ടയം ജില്ലയിൽ 7 റോഡുകൾക്ക് 308 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ വൈക്കം നിയോജകമണ്ഡലത്തിൽ 3 റോഡുകൾക്ക് 72 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തിൽ തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയിലെ 12 റോഡുകൾക്ക് 440.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ വൈക്കം നിയോജകമണ്ഡലത്തിലെ 2 റോഡുകൾക്ക് 83 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) തീരദേശ റോഡുവികസനത്തിനായി വൈക്കം നിയോജകമണ്ഡലത്തിലെ ഓരോ റോഡിനും അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്തുമോ; | (ബി) വൈക്കം നിയോജകമണ്ഡലത്തിലെ താഴെപ്പറയുന്ന മൊത്തം 5 റോഡുകൾ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br><u>2011-12 - 3 എണ്ണം</u><br>1. മാട്ടുങ്കൽമുട്ട് മട്ടപ്പള്ളി റോഡ്, തലയാഴ പഞ്ചായത്ത് - 27.00 ലക്ഷം |

രൂപ.

2. ചെമ്മങ്കരി പഴഞ്ചെട്ടി കുളങ്ങര റോഡ് – 24.00 ലക്ഷം രൂപ.
3. കൊട്ടച്ചിറ-മുക്കിൽ റോഡ്-ടി.വി പുരം ഗ്രാമപഞ്ചായത്ത് – 21.00 ലക്ഷം രൂപ.

2012-13 – 2 എണ്ണം

1. ചാത്തനാട് മറവട്ടം റോഡ് – 37.00 ലക്ഷം രൂപ.
2. കരിക്കട പാലക്കരി ഫിഷ്ഫാം റോഡ് – 46.00 ലക്ഷം രൂപ.

മൊത്തം – 155.00 ലക്ഷം രൂപ.

| | |
|---|---|
| (സി) പ്രസ്തുത റോഡുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള കാലപരിധി എത്രയെന്ന് വ്യക്തമാക്കാമോ? | (സി) ടി റോഡുകൾ കരാർ വച്ച് 4 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള കാലപരിധിയാണ് അനുവദിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ